©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2016 ജൂലൈ 22<br>22nd July 2016<br>1191 കർക്കടകം 7<br>7th Karkadakam 1191<br>1938 ആഷാഢം 31<br>31st Ashadha 1938 | നമ്പർ<br>No. 1299 |

## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 109/2016/തൊഴിൽ.

*തിരുവനന്തപുരം, 2016 ജൂലൈ 18*
*1191 കർക്കടകം 3.*

**എസ്. ആർ. ഒ. നമ്പർ 494/2016.**—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2010 ഡിസംബർ 18-ാം തീയതിയിലെ സ. ഉ. (എംഎസ്.) 161/2010/തൊഴിൽ നമ്പരായി ആയി പുറപ്പെടുവിച്ചതും 2010 ഡിസംബർ 19-ാം തീയതിയിലെ 2879-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1168/2010 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം

ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2015 സെപ്റ്റംബർ 8-ാം തീയതിയിലെ 11869/ഇ1/2015/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2015 സെപ്റ്റംബർ 19-ാം തീയതിയിലെ 2126-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപവൽക്കരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സംസ്ഥാനത്തെ ഐസ് ഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം കേരള സർക്കാർ, ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

## പട്ടിക

**എ. അടിസ്ഥാന വേതനം**

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *പ്രതിമാസ അടിസ്ഥാന വേതനം (രൂപ)* |
|---|---|---|
| (1) | (2) | (3) |
| <u>ഭാഗം I</u> | | |
| 1 | ഓപ്പറേറ്റർ | 10,260 |
| 2 | ഐസ് മാൻ | 10,040 |
| 3 | വാച്ച്മാൻ/ഹെൽപ്പർ | 9,840 |
| <u>ഭാഗം II</u> | | |
| 1 | മാനേജർ | 12,910 |
| 2 | അസിസ്റ്റന്റ് മാനേജർ | 11,350 |
| 3 | ക്ലാർക്ക്/കാഷ്യർ/കമ്പ്യൂട്ടർ ഓപ്പറേറ്റർ | 10,040 |
| 4 | ജനറൽ വർക്കർ/പ്യൂൺ/സെക്യൂരിറ്റി ഗാർഡ് | 9,840 |
| 5 | ഫുൾടൈം സ്വീപ്പർ/ക്ലീനർ | 9,230 |

**ബി. ക്ഷാമബത്ത**

അടിസ്ഥാനവേതനത്തിന് പുറമേ, സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന (1998-99=100) എന്ന പുതിയ ഉപഭോക്തൃ വിലസൂചികയിലെ അതത് ജില്ലാ കേന്ദ്രത്തിന്റെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചികയിലെ 250 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 26 രൂപ (ഇരുപത്തി ആറ് രൂപ മാത്രം) നിരക്കിൽ ക്ഷാമബത്തയ്ക്കും തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**സി. സർവ്വീസ് വെയിറ്റേജ്**

അന്തിമ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ അഥവാ തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി മൂന്ന് വർഷത്തിലധികം സേവനകാലയളവുള്ള തൊഴിലാളികൾക്ക്, പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും പുതുക്കിയ അടിസ്ഥാന വേതനത്തിന്റെ ഒരു ശതമാനം വീതം പരമാവധി 15 ശതമാനം തുക സർവ്വീസ് വെയിറ്റേജായി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

**ഡി. ദിവസവേതനം**

ഈ വിജ്ഞാപനപ്രകാരം മാസവേതനം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗം തൊഴിലാളിയുടെ ദിവസവേതനം മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

**ഇ. ഉയർന്ന വേതനത്തിന് സംരക്ഷണം**

ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം വേതനത്തേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും സ്ഥാപനത്തിൽ/വ്യവസായത്തിൽ തൊഴിലാളിക്ക് ഇപ്പോൾ ലഭിക്കുന്നുണ്ടെങ്കിൽ, അപ്രകാരമുള്ള ഉയർന്ന വേതനം അന്തിമ വിജ്ഞാപനത്തിൽ എന്ത് നിശ്ചയിച്ചിരുന്നാലും, തുടർന്നും തൊഴിലാളിക്ക് ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ഐസ് ഫാക്ടറികളിൽ തൊഴിൽചെയ്യുന്ന തൊഴിലാളികൾക്ക് നൽകുന്ന ഏറ്റവും കുറഞ്ഞ വേതന നിരക്ക് 2010 ഡിസംബർ 18-ാം തീയതിയിലെ സ. ഉ. (എംഎസ്.) 161/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 ഡിസംബർ 19-ാം തീയതിയിലെ 2879-ാംനമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1168/2010 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു.

ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും 2015 സെപ്റ്റംബർ 8-ാം തീയതിയിലെ 11869/ഇ1/2015/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും പ്രസ്തുത വ്യവസായത്തിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G O. (P) No. 109/2016/LB

*Dated, Thiruvananthapuram, 18th July, 2016 / 3rd Karkadakam, 1191.*

**S. R. O. No. 494/2016.**—In exercise of powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G. O. (Ms.) No. 161/2010/LBR dated 18th December, 2010 and published as S. R. O. No. 1168/2010 in the Kerala Gazette Extraordinary No. 2879 dated 19th December, 2010, the Government of Kerala after considering the objections and suggestions received on the draft proposals published as Notification No. 11869/El/2015/LBR dated 8th September, 2015, in the Kerala Gazette Extraordinary No. 2126 dated the 19th September, 2015 as required under clause (b) of sub-section (1) of section 5 of the said Act and after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Ice Factories in the State of Kerala as specified in the Schedule annexed hereto and fix the date of publication of this notification in the Gazette as the date on which the revised rates shall come into force.

SCHEDULE

## A. Basic Wages

| *Sl. No.* | *Category/Work* | *Monthly rate of wages* (₹) |
|---|---|---|
| (1) | (2) | (3) |
| *Part I* | | |
| 1 | Operator | 10,260 |
| 2 | Ice Man | 10,040 |
| 3 | Watchman/Helper | 9,840 |
| *Part II* | | |
| 1 | Manager | 12,910 |
| 2 | Assistant Manager | 11,350 |
| 3 | Clerk/Cashier/Computer Operator | 10,040 |
| 4 | General Worker/Peon/Security Guard | 9,840 |
| 5 | Full-time Sweeper/Cleaner | 9,230 |

## B. Dearness Allowance

In addition to the basic wages, the employees shall be eligible for Dearness Allowance calculated on the basis of the latest available Consumer Price Index Numbers for each month published for the District Headquarters concerned by the Department of Economics and Statistics, Government of Kerala at the rate of ₹ 26 (Rupees twenty six only) per each point above 250 points in the new series i.e., 1998-99=100.

## C. Service Weightage

The employees who have completed three years continuous service in an establishment or under an employer, as on the date of commencement of the final notification, shall be allowed service weightage at the rate of one per cent of the basic wages at the revised rate for every completed year of service, subject to a maximum of fifteen percentage, including the basic wages.

## D. Daily Wages

The daily rate in respect of the category of employees for whom monthly rate is fixed in this notification may be calculated by dividing the monthly rate by 26.

## E. Protection of Higher Wages

In case the employees of any Establishment/Industry who are at present getting higher wages than the minimum wages fixed as per this notification, shall be entitled to get such higher rates irrespective of whatever rates which shall be fixed as per the final notification.

By order of the Governor,

TOM JOSE,
*Additional Chief Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government had earlier revised minimum rates of wages payable to the employees employed in the Ice Factories in the State of Kerala as per notification issued under G. O. (Ms.) No. 161/2010/LBR dated 18th December, 2010 and published as S. R. O. No. 1168/2010 in the Kerala Gazette Extraordinary No. 2879 dated 19th December, 2010. Government have now decided to revise the existing minimum rates of wages in the said Industry after considering objections and suggestions on the draft proposal published in the Notification No. 11869/E1/2015/LBR dated 8th September, 2015, and the advice of the Minimum Wages Advisory Board constituted for this purpose.

The notification is intended to achieve the above object.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ
പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.